കഥ

# ചെറിയവനും

# അവാർഡ്

**സുധീർ പണിക്കവീട്ടിൽ**



അന്നു വെള്ളിയായാഴ്ച്ചയായിരുന്നത്കൊണ്ട് രാവിലെ ജോലിക്ക് പോകാൻ ഉത്സാഹമായിരുന്നു. വർഷങ്ങളായി ബാങ്കിലെ ജോലി. അക്ഷരങ്ങളെ സ്നേഹിച്ചിരുന്ന ഞാൻ അക്കങ്ങളുമായി ഒരു ദിവസം ഏഴ് മണിക്കൂർ മല്ലടിക്കുന്നത് എനിക്ക് തന്നെ അവിശ്വസനീയമായ കാര്യമാണ്. കണ്ണഞ്ചിക്കുന്ന കണക്കിന്റെ മായാജാലം.. പൂജ്യങ്ങളുടെ വില കണ്ട് അത്ഭുതം കൂറുന്ന നിമിഷങ്ങൾ. മറ്റ് രാജ്യങ്ങളിലെ പണവുമായി ഏറ്റുമുട്ടുന്ന ഡോളറിന്റെ പ്രഭാവം. അത് കയ്യിലുണ്ടെങ്കിൽ ആശിക്കുന്നതിൽ അധികവും നേടിയെടുക്കാം. അങ്ങനെ ഒരു ചിന്ത ആ സുപ്രഭാതത്തിൽ എന്തോ മനസ്സിൽ കടന്നുകൂടി. ചില കണക്കുകൾ വട്ടം കറക്കുമ്പോൾ സർഗ്ഗ സങ്കൽപ്പങ്ങളുടെ ഒരു ലോകം മുന്നിൽ നിവരുക പതിവാണ്. എന്നാൽ വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ മൂലം അവയെല്ലാം മനമില്ലാമനസ്സോടെ അവധിക്ക് വെക്കേണ്ടി വരുന്നു.. അതു കൊണ്ട് ഓഫിസിലേക്ക് പ്രവേശിക്കുമ്പോൾ മനോരാജ്യം അടച്ചിടുകയാണു പതിവ്.

നേരത്തെ വീട്ടിൽ പോകാമെന്നുള്ള സന്തോഷത്തോടെ കമ്പൂട്ടർ പ്രവർത്തിപ്പിച്ചിരിക്കുമ്പോൾ ഒരു ഫോൺ. “ഒരു സീനിയർ സിറ്റിസ്സെൻ കാണാൻ വന്നിരിക്കുന്നു”. തീവ്രവാദികളുടെ ആക്രമണത്തിനു ശേഷം സുരക്ഷ കൂടുതലായത്കൊണ്ട് അയാളെ കൂട്ടികൊണ്ട് വരാൻ പോയി. സന്ദർശകർക്കുള്ള വലിയ കസേരയിൽ ഒതുങ്ങിയിരിക്കുന്ന ഒരു പാവം വ്രുദ്ധൻ. തലമുടിയും താടിയും കറുപ്പിച്ചതാണെന്നു മുഖത്തെ ചുളിവുകളും കണ്ണിലെ പ്രായത്തിന്റെ ദയനീയതയും വിളിച്ചറിയിക്കുന്നു. ഞാൻ എന്റെ പേരു പറഞ്ഞപ്പോൾ വ്രുദ്ധന്റെ കണ്ണുകളിൽ തിളക്കം വന്നു. ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. മുഖം നിറയെ കറുത്ത താടിയായിരുന്നത് കൊണ്ട് ചിരിക്ക് നല്ല വെളുപ്പ് തോന്നി. വെപ്പു പല്ലുകളായിരിക്കും. വ്രുദ്ധന്റെ പേര് കേട്ടപ്പോൾ മലയാളിയാണെന്ന് മനസ്സിലായി. കോട്ടയംകാരുടെ മാത്രം ഒരു പ്രത്യേക പേര്. “ എന്റെ കൂടെ വരൂ” എന്ന് പറഞ്ഞ് വ്രുദ്ധനെ കൂട്ടി ക്യാബിനിലേക്ക് നടന്നു ബിസ്സിനസ്സ് സ്റ്റൈയിലിൽ ഞാൻ ചോദിച്ചു. “ ഞാൻ എന്താണു നിങ്ങൾക്ക് വേണ്ടി ചെയ്യേണ്ടത്.

കണ്ണാടി മുറിയായിരുന്നത് കൊണ്ട് ചുറ്റും ഇരിക്കുന്നവരെ കാണാം.താൻ പറയുന്നത് അവർ കേൾക്കുമെന്ന സംശയം പോലെ വ്രുദ്ധൻ മേശക്കരികിലേക്ക് നീങ്ങിയിരുന്നു. നെഞ്ച് മേശയോട് ചേർത്ത് വച്ച് ഇടവും വലവും നോക്കി. അദ്ദേഹത്തിന്റെ മുഖത്ത് പരിഭ്രമം പരന്നിരുന്നു. വ്രുദ്ധനു ആത്മവിശ്വാസം പകരാൻ മലയാളത്തിൽ നാട്ടു വിശേഷങ്ങൾ ചോദിച്ചു. ലജ്ജ കലർന്ന അഭിമാനത്തോടെ വ്രുദ്ധൻ ഒരു അമേരിക്കൻ മലയാളി എഴുത്തുകാരനാണെന്നു അറിയിച്ചു. അമേരിക്കൻ മലയാളികൾ ഭാവനാസമ്പന്നരും എഴുത്തുകാരുമാണെന്ന് ഒരു പരിഹാസത്തോടെയാണു അവിടത്തെ മലയാളീ സമൂഹം കാണുന്നതെന്നു വ്രുദ്ധനെ അറിയിച്ചപ്പോൾ യാതൊരു ഭാവഭേദവും കൂടാതെ പറഞ്ഞു. ഒക്കെ അറിയാം. എന്നാൽ ഞാൻ ആ വിഭാഗത്തിൽ പെടുന്നില്ല.

അതെന്താ പെടാത്തത്, നിങ്ങൾക്ക് പ്രായകൂടുതൽ ഉള്ളത്കൊണ്ടാണോ?

ഒട്ടുമല്ല, ഞാൻ ഇവിടെ വരുന്നതിനു മുമ്പ് എഴുത്ത് തുടങ്ങിയ ആളാണു. കുറച്ച് പേരും പെരുമയുമുണ്ടായിരുന്നു. അമേരിക്കൻ മലയാളികളിൽ രണ്ടു തരം എഴുത്തുകാർ ഉണ്ട്.

ആരൊക്കെയാണവർ?

ഒന്നാമത്തെ കൂട്ടർ - നാട്ടിൽ നിന്നേ എഴുത്ത് തുടങ്ങിയവർ, ജന്മസിദ്ധമായ സർഗ്ഗ ശക്തിയുള്ളവർ.രണ്ടാമത്തെ കൂട്ടർ ഇവിടെ വന്നു മറ്റുള്ളവർ എഴുതുന്നത് കണ്ട് എഴുതി തുടങ്ങിയവർ. രണ്ടാമത്തെ കൂട്ടരാണു എന്നെ പോലുള്ളവരുടെ മാനം കളയുന്നത്.

അധികം സംസാരിച്ച് കളയാൻ നേരം ഇല്ലാതിരുന്നത്കൊണ്ട് ഞാൻ ചോദിച്ചു. ”വന്ന കാര്യം പറയൂ“

ഞാനൊരു മുപ്പതിനായിരം ഡോളർ നിക്ഷേപിക്കാൻ വന്നതാണ്. ഞാൻ മരിച്ച് പോകുകയാണെങ്കിൽ ഇത് എൻെറ മകനു കിട്ടണം. അവൻെറ കാലശേഷം അവൻെറ മകൾക്ക് കിട്ടണം. ആരുടെ കാലത്താണോ വിചാരിക്കുന്ന കാര്യം സാധിക്കുന്നത് അപ്പോൾ ഞങ്ങൾക്ക് ഈ തുക ലഭ്യമാകണം.

എന്തൂട്ട് കാര്യം? എൻെറ ഭാഷ കേട്ട് വ്രുദ്ധൻ ചിരിച്ചു.

കാര്യം നിസ്സാരമല്ല. എനിക്ക് നാട്ടിൽ നിന്നു ഒരു അവാർഡ് സംഘടിപ്പിക്കണം. അതിനാണു ഈ തുക നിക്ഷേപിക്കുന്നത്.

ഇത്രയധികം തുക നൽകി ഒരു അവാർഡ് എന്തിനു വാങ്ങണം. അതിനെന്തു വില?

ഈ വിവരം പുറത്തറിഞ്ഞാലെ വില പോവ്വത്തുള്ളു. എനിക്ക് നിങ്ങളോട് ഈ വിവരം പറയാതിരിക്കാമായിരുന്നു. പക്ഷെ ഒരു താഴ്ന്ന ജാതിക്കാരനെ പണം കൊടുത്ത് ഞാൻ അല്ലെങ്കിൽ എനിക്ക് ശേഷം എൻെറ മത സമൂഹം ഞങ്ങളുടെ സ്വകാര്യ കാര്യങ്ങൾക്ക് വേണ്ടി എങ്ങനെ ഉപയോഗിക്കാൻ പോകുന്നുവെന്നതിൻെറ ആമുഖമായി പറഞ്ഞതാണ്.

ബിസ്സിനസ്സ് രഹസ്യം എന്ന പേരിൽ ഞാൻ ഇത് പറയാതിരിക്കാം. അല്ലെങ്കിലും എനിക്ക് മാലോകരുമായി അധികം ബന്ധമില്ല. പക്ഷെ കാശ് കൊടുത്ത് ഇത് വാങ്ങുന്ന കാലത്ത് ആരെങ്കിലും അറിയുമല്ലോ? ഇത്രയും കാശ് കൊടുത്ത് ഏത് അവാർഡാണു ഉദ്ദേശിക്കുന്നത്?

അതൊരു അക്കാദമിയാണ്. അതിൻെറ പൂർണ്ണ അധികാരം മിക്കപ്പോഴും ഒരാളിലായിരിക്കും.

അയ്യോ എത്രയൊ മഹാന്മാർക്ക് കിട്ടിയ ബഹുമതിയാണത്. അതൊക്കെ കാശ് കൊടുത്ത് വാങ്ങാൻ പറ്റുമോ?

അതിനു വഴിയുണ്ട്. നേരത്തെ സൂചിപ്പിച്ചപോലെ ഏതെങ്കിലും താഴ്ന്ന ജാതിക്കാരൻ അധികാരത്തിൽ വന്നാൽ അയാളുടെ മകനു അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ സൗകര്യം കിട്ടിയാൽ അയാൾക്ക് ഡോളറിനു ആവശ്യം വരും. താഴ്ന്ന ജാതിക്കാർ ഇപ്പോഴും സാമ്പത്തികമായി പിന്നോക്കം തന്നെ. വ്രുദ്ധൻ ഒരു ബാലൻ കെ നായർ ചിരി ചിരിച്ചു. താഴ്ന്ന ജാതി എന്ന് പറയുമ്പോൾ കണ്ണുകളിൽ പുഛഭാവവും പരിഹാസ ചിരിയും പരന്നു. മാർക്കം കൂടിയവൻെറ മൂഢമായ ആഢ്യത്വം എന്ന് ഞാനും മനസ്സിൽ കരുതി. വ്രുദ്ധൻ അദ്ദേഹത്തിൻെറ നിലപാട് വ്യക്തമാക്കും വിധം പറഞ്ഞു. മകൻെറ ഭാവിക്ക് വേണ്ടി ഏത് അഛനാണു ആദർശം കൈവെടിയാത്തത്. ചില്ലറ കാശൊന്നുമല്ലല്ലോ എണ്ണി കൊടുക്കുന്നത്. അപ്പോൾ സംഗതി അയാൾ സാധിച്ച് തരും.

ശരി, നിക്ഷേപമൊക്കെ ശരിയാക്കാം. വിവരങ്ങൾ പറയൂ....

വ്രുദ്ധൻ വിവരങ്ങൽ പറയുന്നതിനിടയിൽ ഞാൻ ചോദിച്ചു. ഏന്നാലും ഇങ്ങനെ ഒരു അവാർഡ് വാങ്ങിയിട്ടു എന്തു മനഃസുഖം കിട്ടാനാണു. തന്നെയുമല്ല ആരെങ്കിലും ഇത് കൊട്ടിഘോഷിക്കുകയും ചെയ്യും.

വ്രുദ്ധൻ ഗൗരവ ഭാവം പൂണ്ട് ഒരു തത്വജ്ഞാനിയെപോലെ പറഞ്ഞു. നാണം കെട്ട് പണം തേടി കൊണ്ടു വാ നാണക്കേട് ആ പണം തീർത്തുകൊള്ളും. അതെപോലെ ഈ വിവരം ഇപ്പോൾ കുറച്ച് പേർ അറിയും എന്നൽ വരും തലമുറ അവാർഡ് ജേതാക്കളുടെ പേരിൽ എന്നെ എണ്ണും. കാശ് കൊടുത്തിട്ടാണു ഇത് വാങ്ങിയതെന്നു അവരൊന്നും അറിയാൻ പോകുന്നില്ല.

ഒരു സംശയം കൂടി. ഒരു പക്ഷെ നിങ്ങളുടെ ജീവിത കാലത്ത് ഒരു താഴ്ന്ന ജാതിക്കാരൻ അധികാരത്തിൽ വരാതിരുന്നാൽ, അഥവാ വന്നാൽ അയാളുടെ മകനു അമേരിക്കയിൽ പഠിക്കാൻ താൽപ്പര്യമില്ലെങ്കിൽ നിങ്ങളുടെ ഈ ആഗ്രഹം നിങ്ങളുടെ മകൻെറ കാലത്തേക്കും അല്ലെങ്കിൽ അദ്ദേഹത്തിൻെറ മകളുടെ കാലത്തേക്കും നീളുമല്ലോ. ആ സമയം പഴക്കമേറി കഴിഞ്ഞിരിക്കുന്ന നിങ്ങളുടെ ക്രുതികൾ ആരെങ്കിലും പരിഗണിക്കുമോ? നിങ്ങൾ അപ്പോഴേക്കും മരിച്ച് മണ്ണടിഞ്ഞ് കാണും. ഒരു മരണാനന്തര ബഹുമതി നിങ്ങൾക്ക് എന്തു ആനന്ദമാണു് തരാൻ പോകുന്നത്.

വ്രുദ്ധൻ എനിക്ക് കാര്യങ്ങൾ വിവരിച്ചു തന്നു. ഇത്തരം അവാർഡിനു ക്രുതികളുടെ കാലപ്പഴക്കം പ്രശ്നമല്ല. കുറച്ച് മുമ്പ് അമ്പത് വർഷം പഴക്കമുള്ള ക്രുതിക്ക് അവർ അവാർഡ് നൽകുകയുണ്ടായി. ഇത് കിട്ടിയാൽ മരിച്ച് കഴിഞ്ഞാലും എൻെറ പെരുമ വർദ്ധിക്കും. എൻെറ ക്രുതികൾ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് പഠിക്കാൻ വേണ്ടി തിരഞ്ഞെടുക്കപ്പെടും. വ്രുദ്ധൻ മനഃപായസം കുടിച്ച് ചുണ്ടുകൾ നാവു കൊണ്ട് നക്കികൊണ്ടിരുന്നു. എന്നിട്ട് ഒരു വില്ലൻ ചിരിയോടെ എന്നോട് പറഞ്ഞു. ഒരു താഴ്ന്ന ജാതിക്കാരൻെറ നിയമനം ഉടനെ ഉണ്ടാകുമെന്നു കേൾക്കുന്നു. എങ്കിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ ഞാൻ അത് വാങ്ങിയിരിക്കും. വലിയവനു മാത്രമല്ല ചെറിയവനും അവാർഡുകൾ ലഭിക്കണം. അമേരിക്കയിൽ വരാൻ സാധിച്ചത് കൊണ്ട് ഒരു ഗുണവുമുണ്ടായി. എന്തു കാര്യം നേടിയെടുക്കാനും പണമുണ്ട്. വ്രുദ്ധൻ പറഞ്ഞ് തീർന്നപ്പോൾ ഞാൻ വെറുതെ ചിന്തിച്ചു. ഡോളർ കയ്യിലുണ്ടെങ്കിൽ ചില ആശകളൊക്കെ സാധിപ്പിക്കാം. രാവിലെ അങ്ങനെയൊരു ചിന്ത വന്നത് ഒരു വ്രുദ്ധനുമായുള്ള കൂടിക്കാഴ്ച്ച് അക്കാര്യം സ്ഥിരീകരിക്കുമെന്നതിൻെറ സൂചനയായിരിന്നിരിക്കണം. ഒപ്പം ഒരു ജാതി ചിന്തയും. സവർണ്ണൻ, മാർക്കം കൂടിയവൻ, അവർണ്ണൻ ഇങ്ങനെ മൂന്നാണു വർണ്ണങ്ങൾ, നാലല്ല. ഭഗവാൻ ക്രുഷ്ണൻ ക്ഷമിക്കട്ടെ. താഴ്ന്ന ജാതികാരനെ ചൂഷണം ചെയ്യാമെന്ന ചിന്താഗതി ഇന്നും മനുഷ്യരിൽ നില നിൽക്കുന്നു എന്നത് എനിക്ക് അതിശയമായി തോന്നി.

ബാങ്കിൻെറ പുരോഗതിക്ക് വേണ്ടി ജോലി ചെയ്യുന്ന ഞാൻ വെറുതെ മോഹിച്ചു പോയി., അമേരിക്കൻ മലയാളി എഴുത്തുകാരെല്ലം ദിനം പ്രതി ഇങ്ങനെയുള്ള നിക്ഷേപ തുകയുമായി വന്നെങ്കിൽ !

**********************